بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ﴿۱﴾

# ഈദുൽ അദ്ഹാ ഖുത്ബ സംഗ്രഹം 29.06.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## ത്യാഗങ്ങളുടെ ആത്മാവിന് പിന്നിലെ യഥാർത്ഥ കാര്യം ദൈവതൃപ്തി ആഗ്രഹിക്കലും ഭയഭക്തിയുമാണ്.

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

لَنۡ يَّنَالَ اللّٰهَ لُحُوۡمُهَا وَلَا دِمَآؤُهَا وَلٰكِنۡ يَّنَالُهُ التَّقۡوٰى مِنۡكُمۡ ؕ كَذٰلِكَ سَخَّرَهَا لَكُمۡ لِتُكَبِّرُوا اللّٰهَ عَلٰى مَا هَدٰٮكُمۡ ؕ وَبَشِّرِ الۡمُحۡسِنِيۡنَ ﴿۳۸﴾

അവരുടെ മാംസമോ രക്തമോ ഒരിക്കലും അല്ലാഹുവിലേക്ക് എത്തുകയില്ല, എന്നാൽ നിങ്ങളുടെ ഹൃദയഭക്തിയാണ് അവനിൽ എത്തിച്ചേരുന്നത്. ഇപ്രകാരം അവൻ അവയെ നിങ്ങൾക്ക് അധീനപ്പെടുത്തി തന്നിരിക്കുന്നു. അവൻ നിങ്ങൾക്ക് നേർമാർഗം കാണിച്ചു തന്നതു നിമിത്തം നിങ്ങൾ അല്ലാഹുവിനെ മഹത്വപ്പെടുത്തുന്നതിനുവേണ്ടി. സദ്വൃത്തന്മാരെ നീ സന്തോഷവാർത്ത അറിയിക്കുക.

ഇന്ന് ബലിപെരുന്നാൾ എന്ന് അറിയപ്പെടുന്ന ഈദുൽ അദ്ഹ ദിനമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ സാമ്പത്തിക ത്യാഗങ്ങൾ ചെയ്യുന്ന ശീലം അഹമദികൾക്കുണ്ട്. എന്നാൽ ഈ കാലഘട്ടത്തിൽ, അല്ലാഹുവിന്വേണ്ടി ആത്മാർഥമായി ജീവൻ ബലിയർപ്പിക്കാൻ അഹ്മദികളെപ്പോലെ മറ്റാർക്കും സാധിക്കുകയില്ല. അതിനാൽ ആട്, മാടുകൾക്ക് അല്ലാഹുവിന്റെ കൽപ്പന അനുസരിച്ചും തിരുനബി(സ)യുടെ സുന്നത്തനുസരിച്ചും ചിലവഴിക്കുന്നത് അഹ്മദികളെ സംബന്ധിച്ചിടത്തോളം അളവറ്റ സന്തോഷമാണ്. (പാകിസ്ഥാൻപോലുള്ള രാജ്യങ്ങളിൽ) ഈ ത്യാഗം ചെയ്യാൻ കഴിയാത്തവരുടെ വൈകാരികാവസ്ഥ വിലയിരുത്തുക വളരേ പ്രയാസമാണ്. എന്തായാലും അഹ്മദികൾക്ക് ഈ ദിവസങ്ങളിൽ തങ്ങളുടെ വികാരങ്ങളെ ബലിയർപ്പിക്കേണ്ടി വരുന്നത് നിസ്സാര കാര്യമല്ല. (ഇത്തരം സ്ഥലങ്ങളിൽ) ആ വികാരങ്ങളെ അല്ലാഹുവിന്റെ സവിധത്തിൽ പ്രാർത്ഥനകളാക്കി മാറ്റാൻ ശ്രമിക്കേണ്ടതാണ്. പ്രാർത്ഥനകളിൽ വലിയ ശക്തിയുണ്ട്. ഹദ്റത്ത് ഹാജറ(അ)യുടെയും ഹദ്റത്ത് ഇസ്മാഈൽ(അ)ന്റെയും പ്രാർത്ഥനകളും തേങ്ങലുകളും അസ്വസ്ഥതകളും അല്ലാഹുവിലുള്ള അവരുടെ തവക്കലുമാണ് ആ നീരുറവ ഒഴുക്കിയതും, ഇസ്ലാമിന്റെ കേന്ദ്രമായ ആ നഗരത്തെ വാർത്തെടുത്തതും. അതിനാൽ, ഈദുൽ അദ്ഹയിൽനിന്ന് പെരുന്നാൾ ബലിയിലൂടെ, നമുക്ക് ഒരു മൃഗത്തെ ബലി നൽകിയാൽ മതി എന്ന പാഠം മാത്രം ഉൾക്കൊള്ളാതിരിക്കേണ്ടത് നമ്മുടെ കടമയാണ്. ത്യാഗത്തിന്റെ ആത്മാവിന് പിന്നിലെ യഥാർഥ കാര്യം നമ്മുടെ എല്ലാ ത്യാഗങ്ങളിലും ഉപയോഗപ്രദമാകുന്ന ദൈവതൃപ്തിയാഗ്രഹിക്കലും ഭക്തിയുമാണ്.

ഹദ്റത്ത് ഇബ്രാഹിം(അ) തന്റെ സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് ഇസ്മാഈൽ(അ)നോട് ഞാൻ നിന്നെ അറുക്കുന്നത് സ്വപ്നത്തിൽ കണ്ടു; ഇതിനെക്കുറിച്ച് നിന്റെ അഭിപ്രായം എന്താണ് എന്ന് ചോദിച്ചപ്പോൾ, അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ ആഗ്രഹിച്ച മകൻ, ഓ എന്റെ പിതാവേ! നിങ്ങളോട് കൽപ്പിച്ചത് ചെയ്യുക എന്ന് മറുപടി നൽകിക്കൊണ്ട് കഴുത്ത് കത്തിക്ക് അടിയിൽ വയ്ക്കുകയുണ്ടായി. അല്ലാഹു പിതാവിന്റെയും മകന്റെയും ഈ ത്യാഗത്തിന്റെ ആത്മാവിനെ പ്രശംസിച്ച്കൊണ്ട് മകന്റെ കഴുത്തിൽ കത്തി പ്രയോഗിക്കുന്നതിൽനിന്ന് പിതാവിനെ തടഞ്ഞു; പകരം ഒരു മൃഗത്തെ ബലി നൽകാൻ കൽപന നൽകി. അല്ലാഹുവിന്റെ പ്രീതി നേടാനുള്ള ഈ അഭിനിവേശവും പ്രായോഗിക പ്രകടനവും അല്ലാഹു സ്വീകരിച്ചുകൊണ്ട് ഇസ്ലാമിക അധ്യാപനത്തിലും അനുഷ്ഠാനങ്ങളിലും അതിനെ ഉൾപ്പെടുത്തുകയുണ്ടായി. ഈ മനുഷ്യജീവന് പകരമായി ഒരു മൃഗത്തെ ബലി നൽകുന്നത് ബാഹ്യ പ്രകടനത്തിനു മാത്രമായല്ല വെച്ചിരിക്കുന്നത്. മറിച്ച് ഹജ്ജ് വേളയിലോ ഈദ് ദിനത്തിലോ ബലിയർപ്പിക്കാൻ മുസ്ലിംകളോട് കൽപിച്ചപ്പോൾ ഈ ത്യാഗങ്ങൾ അവർ ഭക്തിയെ മുൻനിർത്തിക്കൊണ്ടും ദൈവപ്രീതി ആഗ്രഹിച്ചുകൊണ്ടും ചെയ്യുമ്പോഴാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കി.

ഞാൻ ഓതിക്കേൾപ്പിച്ച സൂക്തത്തിൽ അല്ലാഹു ഇക്കാര്യം വിശദീകരിച്ചിരിക്കുന്നു. ഈ ആയത്തിന്റെ വെളിച്ചത്തിൽ ഈ ത്യാഗത്തിന്റെ തത്വശാസ്ത്രവും ഉദ്ദേശ്യവും വിശദീകരിച്ചുകൊണ്ട് ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹു ഇസ്‌ലാമിക ശരീഅത്തിൽ അവശ്യമായ പല കൽപ്പനകൾക്കും മാതൃകകൾ സ്ഥാപിച്ചിട്ടുണ്ട്. അതിനാൽ മനുഷ്യനോട് കൽപ്പിക്കപ്പെട്ടിരിക്കുന്നത്, അവൻ തന്റെ എല്ലാ ശക്തികളോടും എല്ലാ അസ്തിത്വത്തോടും കൂടി അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗം ചെയ്യുക എന്നാണ്. അതിനാൽ, ബാഹ്യമായ ത്യാഗങ്ങൾ ഈ അവസ്ഥയ്ക്ക് ഒരു മാതൃകയായി സജ്ജീകരിച്ചിരിക്കുകയാണ്. എന്നാൽ യഥാർത്ഥ ലക്ഷ്യമായി അല്ലാഹു പറയുന്നത്, നിങ്ങളുടെ ത്യാഗങ്ങളുടെ മാംസമോ രക്തമോ ദൈവത്തിൽ എത്തുന്നില്ല, എന്നാൽ നിങ്ങളുടെ ഭയഭക്തിയാണ് അവനിൽ എത്തിച്ചേരുന്നത് എന്നാണ്. അതായത്, നിങ്ങൾ അവന്റെ പാതയിൽ മരിക്കുംവിധം അവനെ ഭയപ്പെടുക, നിങ്ങളുടെ സ്വന്തം കൈകൊണ്ട് ബലിയർപ്പിക്കുന്നത്പോലെ, നിങ്ങൾ ദൈവത്തിന്റെ മാർഗത്തിൽ ബലിയായിത്തീരുക. ഏതെങ്കിലും ഭക്തി ആ സ്ഥാനത്തേക്കാൾ കുറവാണെങ്കിൽ, അത് അപൂർണമാണ്.

അതിനാൽ ഈ ഭയഭക്തിയും ചിന്തയുമാണ് ത്യാഗം ചെയ്യുന്നവന്റെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടത്. അല്ലാത്തപക്ഷം ബാഹ്യമായ ത്യാഗം ഒന്നുമല്ല. ഈദ് ബലികൾക്ക് അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടേയിരിക്കുക, അല്ലാഹു നമ്മിൽനിന്ന് ആഗ്രഹിക്കുന്നതും തിരുനബി(സ) നമ്മോട് ഉപദേശിച്ചതും തിരുനബി(സ)ന്റെ വിശുദ്ധിയുടെയും ശിക്ഷണത്തിന്റെയും ഫലമായി, സ്വഹാബികൾ സ്വായത്തമാക്കി തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കിയതുമായ യഥാർഥ തഖ്‌വ നമ്മുടെയുള്ളിൽ ഉണ്ടാക്കുമാറാകട്ടെ. അവരുടെ ത്യാഗങ്ങളിൽ ചെലവഴിച്ച അവരുടെ ഓരോ നിമിഷവും നമുക്ക് മാതൃകകളാണ്. പിന്നെ ഇക്കാലത്ത് ഹദ്റത് മസീഹ് മൗഊദ്(അ) മുഖേന അത് പുനരുദ്ധരിക്കപ്പെട്ടു. ഭക്തിയുടെ പാത പിന്തുടരാൻ ആ മഹാത്മാവ് ആവർത്തിച്ച് ഉപദേശിക്കുകയുണ്ടായി.

ഒരു വ്യക്തിക്ക് പ്രവാചക തിരുമേനി(സ)യുടെ മതത്തെ എപ്പോഴാണ് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുക എന്നതിനെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: ദൈവത്താൽ ശുദ്ധീകരിക്കപ്പെടാതെ ആർക്കും പരിശുദ്ധനാകാൻ കഴിയുകയില്ല. വിനയവും നിസ്സഹായതയുംകൊണ്ട് അവന്റെ ആത്മാവ് ദൈവത്തിന്റെ വാതിൽക്കൽ വീഴുമ്പോൾ, ദൈവം അവന്റെ ദുആ സ്വീകരിക്കുകയും അവൻ മുത്തഖിയാകുകയും ആ സമയത്ത് അവന് തിരുനബി(സ)യുടെ മതം മനസ്സിലാക്കാൻ കഴിയുകയും ചെയ്യും. അതില്ലാതെ അവൻ ദീൻ ദീൻ എന്നു പറഞ്ഞ് പ്രാർത്ഥിക്കുന്നതും ആരാധിക്കുന്നതും മറ്റും പരമ്പരാഗത അനുകരണങ്ങളാലുള്ള ഔപചാരികമായ കാര്യങ്ങളും ചിന്തകളുമാണ്. വിനയവും നിസ്സഹായതയുംകൊണ്ട് അല്ലാഹുവിന്റെ സന്നിധിയിൽ ആത്മാവ് വീണതാണ് ഹദ്റത്ത് ഇബ്രാഹീം(അ)നും ഹദ്റത്ത് ഇസ്മാഈൽ(അ)നും ഹദ്റത്ത് ഹജറ(റ)യ്ക്കും സ്വീകാര്യതയുടെ പദവി നേടിക്കൊടുത്തത്, അവരുടെ സ്വീകാര്യമായ പ്രാർത്ഥനയുടെ ഫലം നാം ഇപ്പോഴും അനുഭവിച്ചു കൊണ്ടിരിക്കുന്നു. ആ സ്വീകാര്യമായ പ്രാർത്ഥനകളാണ് തന്റെ പരമ്പരയിൽ ഒരു മഹാനായ മനുഷ്യന്റെ ജനനത്തിന് കാരണമായത്, അവിടുന്നുമായി ബന്ധം പുലർത്തുകയും അവിടുത്തെ പിന്തുടരുകയും ചെയ്യുന്നതുകൊണ്ട്, ദൈവത്തെ പ്രാപിക്കുകയും പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുകയും ചെയ്യുന്നു. വാഗ്ദത്ത മസീഹിൽ നാം യഥാർത്ഥത്തിൽ വിശ്വസിച്ചിട്ടുണ്ടെങ്കിൽ, നമ്മുടെ ദൗത്യം, തഖ്‌വയിൽ ചലിച്ചുകൊണ്ട് തിരുനബി(സ)യുടെ മതത്തെക്കുറിച്ച് ഒരു ഗ്രാഹ്യം വളർത്തിയെടുക്കുക എന്നതാണ്. തുടർന്ന് അല്ലാഹു നമ്മുടെ പ്രാർത്ഥനകൾ എങ്ങനെയാണ് കേൾക്കുന്നത് എന്ന് കാണുന്നതാണ്.

ത്യാഗത്തിന്റെ തത്വശാസ്ത്രവും തഖ്‌വയുടെ യാഥാർത്ഥ്യവും വിശദീകരിച്ചുകൊണ്ട് ഹദ്റത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: പരിശുദ്ധരായവർ ആത്മാവിലും ആത്മീയതയിലും ദൈവത്തിലേക്ക് ഉയർത്തപ്പെടുന്നു; അല്ലാതെ അവരുടെ മാംസവും അസ്ഥികളും അല്ല ദൈവത്തിലേക്ക് പോകുന്നത്. അതിനാൽ വീണ്ടും ഞാൻ ഉപദേശിക്കുന്നത് നിങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാനാണ്. മനുഷ്യന്റെ ത്യാഗങ്ങളുടെ സ്വീകാര്യതയുടെ ഉറവിടമായി മാറുന്ന മൂലധനം സൽകർമ്മങ്ങൾ ആണ്. അല്ലാഹുവിന്റെയും അവന്റെ ദാസന്മാരുടേയും അവകാശങ്ങൾ നൽകപ്പെടുന്നവയാണ് യഥാർഥ സൽകർമ്മങ്ങൾ.

ഇതിനെ കൂടുതൽ വിശദീകരിച്ചുകൊണ്ട് ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: ഭക്തിയുടെ ഗ്രാഹ്യവും അതിന്റെ സാക്ഷാത്കാരവും പൂർണ്ണമായ അറിവിന്ശേഷം കണ്ടെത്തുന്നു എന്നതാണ് പുരാതനകാലം മുതൽ പ്രകൃതിയുടെ നിയമം.

അതായത് ഭയത്തിന്റെയും സ്നേഹത്തിന്റെയും അഭിനന്ദനത്തിന്റെയും അടിസ്ഥാനം പരിപൂർണ്ണമായ അറിവാണ്. അതിനാൽ പരിപൂർണ്ണമായ ജ്ഞാനം നൽകപ്പെടുന്നവന് പരിപൂർണ്ണമായ ഭയവും സ്നേഹവും നൽകപ്പെടുന്നു. പരിപൂർണ്ണമായ ഭയവും സ്നേഹവും നൽകപ്പെടുന്നവൻ അജ്ഞതയിൽനിന്ന് ഉണ്ടാകുന്ന എല്ലാ പാപങ്ങളിൽനിന്നും സംരക്ഷിക്കപ്പെടുന്നു. അല്ലാഹു തആലയെക്കുറിച്ചുള്ള ജ്ഞാനം (മഅ്രിഫത്ത്) ലഭിക്കുന്നവൻ എത്ര സൗഭാഗ്യവാനാണ്, ഈ അറിവ് ലഭിച്ചുവെന്നും അല്ലാഹുവിന്റെ ഭയവും സ്നേഹവും ഹൃദയത്തിൽ ജനിച്ചുവെന്നും എങ്ങനെ അറിയാൻ സാധിക്കും.? എല്ലാ പാപങ്ങളിൽനിന്നും. മനുഷ്യൻ രക്ഷപ്പെടുക എന്നതാണ് അത് അളക്കുന്നതിനുള്ള മാനദണ്ഡം. മാനുഷികമായ ആഗ്രഹങ്ങൾക്കനുസരിച്ച് അവൻ എപ്പോഴെങ്കിലും ദുർബലനാകുകയാണെങ്കിൽ ഉടൻ പാപമോചനം തേടുകയും അല്ലാഹുവിലേക്ക് തിരിയുകയും വേണ്ടതാണ്. ഒരു വിശ്വാസി ഒരിക്കലും നിർഭയത്വത്തോടെ ഒരു പാപവും ചെയ്യുന്നില്ല. എന്നാൽ സർവ്വശക്തനായ അല്ലാഹുവിന്റെ സ്നേഹം എല്ലായ്പ്പോഴും അവന്റെമേൽ അതിജയിച്ചുനിൽക്കുന്നു. ഇതാണ് യഥാർത്ഥ വിശ്വാസം. ദൈവം എന്നെ നിരീക്ഷിക്കുന്നുണ്ടെന്ന് അവൻ എല്ലായ്പ്പോഴും ഉറച്ചു വിശ്വസിക്കുന്നു. അല്ലാഹുവിന് എന്റെ ഹൃദയത്തിന്റെ അവസ്ഥ നന്നായി അറിയാം, അല്ലാഹുവിന് ഇഷ്ടപ്പെടാത്ത ഒരു പ്രവൃത്തിയും ഞാൻ ചെയ്യാൻ പാടില്ല. ഈ അവസ്ഥ നിലനിൽക്കുമ്പോൾ ആണ് ഒരു വിശ്വാസി പിന്തുടരേണ്ട യഥാർത്ഥ ഇസ്‌ലാം ആകുന്നത്. ഇതിന്റെ സ്വാധീനത്തിൽ ഒരു വ്യക്തി തന്റെ കഴുത്ത് അറുക്കാനും എല്ലാ ത്യാഗത്തിനും തയ്യാറാവുന്നതാണ് ഈ ഇസ്‌ലാമിന്റെ അവസ്ഥ. അതായത്, അല്ലാഹുവിന്റെ പ്രീതി കൈവരിക്കുക എന്നതാണ് ലക്ഷ്യം. ഓരോ വാക്കും പ്രവൃത്തിയും സർവ്വശക്തനായ ദൈവത്തെ പ്രസാദിപ്പിക്കാനാണ് ഉണ്ടാകേണ്ടത്. ഈ അവസ്ഥയായിരിക്കുമ്പോൾ, അത് യഥാർത്ഥ ഇസ്മാഈലി ത്യാഗത്തിന്റെ മാതൃകയാണ്. അതിനാൽ ഈ തികഞ്ഞ സ്നേഹത്തിന്റെ പാഠം നമ്മെ പഠിപ്പിക്കാനാണ് ഈ പെരുന്നാൾ; വെറും മൃഗങ്ങളെ ബലികൊടുക്കുന്നതിനും അവയുടെ മാംസം ഭക്ഷിക്കുന്നതിനും അല്ല. ഇന്ന് ഈ അറിവിന്റെ അർത്ഥം നാം മനസ്സിലാക്കിയാൽ, പ്രാർത്ഥന സ്വീകാര്യതയുടെ മഹത്തായ അടയാളങ്ങളും വിജയത്തിന്റെ ദൃശ്യങ്ങളും നാം നമ്മുടെ ജീവിതത്തിൽ കാണുന്നതാണ്.

ആത്മാർഥമായ തഖ്‌വ വളർത്തിയെടുക്കുന്നതിനൊപ്പം, കഴിവുള്ളവർ ഈദുൽ അദ്ഹയിലെ ബാഹ്യമായ ബലിയും നടത്തേണ്ടതാണ്. ഈ ബലികളും സുന്നത്താണ്. ഇബ്രാഹീമി സുന്നത്ത് ഇസ്‌ലാം പ്രത്യേകമായി തുടരുന്നതാണ്, തിരുനബി(സ) എപ്പോഴും ഈ ബലി നടത്തിയിട്ടുണ്ട്, ഉമ്മത്തിലെ പാവപ്പെട്ട ജനങ്ങൾക്ക്‌വേണ്ടിയും അവിടുന്ന് ഈ ബലി നടത്താറുണ്ടായിരുന്നു. അതിനാൽ, ഈ ബാഹ്യമായ ബലി ദൈവദാസരോടുള്ള അവകാശങ്ങൾ നൽകുന്നതിനുള്ള ഒരു ഉപാധി കൂടിയാണ്. ഇതിലൂടെയും ദൈവസ്നേഹം വർദ്ധിക്കുന്നു; കാരണം മനുഷ്യൻ ദൈവത്തിന്റെ സ്നേഹത്തിനായിട്ടാണ് ദൈവത്തിന്റെ സൃഷ്ടികളെ സേവിക്കുന്നത്. ശരീരത്തിന്റെ ബാഹ്യ ചലനങ്ങളും പ്രവർത്തനങ്ങളും ആത്മാവിലും സ്വാധീനം ചെലുത്തുന്നു എന്നതാണ് ബാഹ്യമായ ത്യാഗത്തിലും ബാഹ്യ പ്രവർത്തനങ്ങളിലും അടങ്ങിയിരിക്കുന്ന യുക്തി.

ഈദ് ബലിക്കായി കഴിവുള്ളവർ ലക്ഷങ്ങൾ ചെലവഴിക്കുന്നിടത്ത്, പാവപ്പെട്ടവർക്ക് മറ്റ് ആവശ്യങ്ങൾക്കായിട്ടും എന്തെങ്കിലും നൽകുകയും അവരുടെ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യേണ്ടതാണ്. നമ്മുടെ ഉള്ളിൽ തഖ്‌വ ജനിപ്പിച്ചുകൊണ്ട് അല്ലാഹു തആലയുടെ ഇഷ്ടത്തിനനുസരിച്ച് നമ്മുടെ സാഹചര്യങ്ങളെ വാർത്തെടുക്കാനുള്ള കഴിവ് അല്ലാഹു തആല നമുക്ക് നൽകട്ടെ. നാം അവനുവേണ്ടി ഉള്ളവരായിത്തീരട്ടെ, അല്ലാഹു ഉടൻ തന്നെ നമുക്ക്‌വേണ്ടി എതിരാളികളിൽനിന്ന് രക്ഷാമാർഗം സൃഷ്ടിക്കുകയും നമ്മുടെ ത്യാഗങ്ങൾ സ്വീകരിക്കുകയും ചെയ്യട്ടെ. എന്തെങ്കിലും കാരണവശാൽ ത്യാഗം ചെയ്യാൻ സാധിക്കാത്തവർക്ക്, അവരുടെ ഉദ്ദേശ്യങ്ങൾക്ക് അല്ലാഹു പ്രതിഫലം നൽകട്ടെ. മുസ്‌ലിംകൾ പ്രവാചകൻ(സ)യുടെ വാക്കുകൾ മനസ്സിലാക്കിയും അവിടുത്തെ ദാസത്വത്തിൽ വന്നും വാഗ്ദത്ത മസീഹിലും മഹ്ദിയിലും വിശ്വസിക്കുന്നവരായിത്തീരാൻ അല്ലാഹു അവർക്ക് ജ്ഞാനവും വിവേകവും നൽകുമാറാകട്ടെ.

അല്ലാഹുവിനുവേണ്ടി മാത്രമായി തടവറയിൽ കഷ്ടപ്പാടുകൾ സഹിക്കുന്ന ബന്ദികളുടെ ത്യാഗങ്ങൾ അല്ലാഹു സ്വീകരിക്കുമാറാകട്ടെ. ഉടൻ തന്നെ അവരുടെ മോചനത്തിനുള്ള സാമഗ്രികൾ അവൻ ഉണ്ടാക്കുമാറാകട്ടെ. ശുഹദാക്കളുടെ കുടുംബങ്ങളെ തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ, ദൈവവുമായുള്ള അവരുടെ ബന്ധം വളരാൻ അല്ലാഹു അവർക്ക് സൗഭാഗ്യം നൽകട്ടെ.

ലോകത്തിലെ കുഴപ്പങ്ങളുടേയും യുദ്ധങ്ങളുടെയും അവസാനത്തിനായി പ്രാർത്ഥിക്കുക. പാകിസ്ഥാനിലെ അഹ്മദികൾക്കായി പ്രത്യേകം പ്രാർത്ഥിക്കുക, അവരുടെ സാമ്പത്തികവും ശാരീരികവും വൈകാരികവുമായ ത്യാഗങ്ങൾ അല്ലാഹു സ്വീകരിക്കട്ടെ. ബുർക്കിന ഫാസോ, ബംഗ്ലാദേശ്, അൾജീരിയ, കൂടാതെ ലോകമെമ്പാടുമുള്ള അഹ്മദികൾക്കായി പ്രാർത്ഥിക്കുക. അല്ലാഹു തആല അവരെ എല്ലാവരെയും അവന്റെ അനുഗ്രഹത്തിന്റേയും കാരുണ്യത്തിന്റെയും കീഴിൽ വെക്കുമാറാകട്ടെ. ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ്(സ)യുടെ പതാക ലോകത്ത് ഉയർത്താനും തൗഹീദ് പ്രചരിപ്പിക്കാനുമുള്ള പ്രതിജ്ഞ എല്ലാ അഹ്മദികളും എപ്പോഴും നിറവേറ്റിക്കൊണ്ട് എല്ലാ ത്യാഗങ്ങളും ചെയ്യാൻ തയ്യാറാകുക. അല്ലാഹു അതിനെല്ലാം നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ.

രണ്ടാം ഖുത്ബക്കും ദുആക്കും ശേഷം ഹുസൂർ തിരുമനസ്സ് പറഞ്ഞു: നിങ്ങൾക്കെല്ലാവർക്കും ഈദ് മുബാറക്. ലോകത്തെ അഹ്മദികൾക്കും എല്ലാവർക്കും ഈദ് മുബാറക്. അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹ്.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَنَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ۔ وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ۔ عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

Eid Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 29.06.2023
Malayalam Translation, Typing & layout: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516